ഭരണഭാഷ/മാതൃഭാഷ

പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ:ശ്രീ.കെ.മുരളീധരൻ)

വിഷയം:-പഞ്ചായത്ത്വകുപ്പ്-ജീവനക്കാര്യം- ലാസ്റ്റ്ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തിക കളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% തസ്തികമാറ്റം നിയമനത്തിനായി അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് - ക്ലാർക്ക് തസ്തികയിൽ നിയമനം-ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1) സ.ഉ(പി)നമ്പർ.1/2014/ഉഭപവ തിയ്യതി:03.01.14
2) സ.ഉ(പി)നമ്പർ.21/2014/ഉഭപവ തിയ്യതി:19.7.14
3) ബഹു:പഞ്ചായത്ത് ഡയറക്ടറുടെ 05.05.14, 05.06.14 തിയ്യതികളിലെ ഇ10-1000/14 നമ്പർ കത്തുകൾ
4) ഈ കാര്യാലയത്തിലെ 18.7.14 തിയ്യതിയിലെ ഇ2-7820/13 നമ്പർ പ്രകാരമുള്ള ഓഫീസ് അറ്റൻഡന്റ്മാരുടെ സീനിയോറിറ്റിലിസ്റ്റ്.
5) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 1.8.14 തിയ്യതിയിലെ 1432/14 നമ്പർ OAയിലെ ഇടക്കാലവിധി
6) ബഹു:പഞ്ചായത്ത് ഡയറക്ടറുടെ 17.1.2015ലെ ഇ10-1000/14 നമ്പർ കത്ത്.
7) ഈ കാര്യാലയത്തിലെ 18.03.2015 ലെ തിയ്യതിയിലെ ഇതേ നമ്പർ ഉത്തരവ്
8) ഈ കാര്യാലയത്തിലെ 27.06.2015 തിയ്യതിയിലെ ഇതേ നമ്പർ ഉത്തരവ്
9) സീനിയോറിറ്റിയുടേയും വിദ്യാഭ്യാസയോഗ്യതയുടേയും അടിസ്ഥാന ത്തിൽ തയ്യാറാക്കിയിട്ടുള്ള താഴ്ന്നവിഭാഗം ജീവനക്കാരുടെ (ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, ഫുൾടൈം കണ്ടിജന്റ് ജീവനക്കാർ) സംയോജിത താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ്

**ഉത്തരവ് നമ്പർ.ഇ2-418/2014 തിയ്യതി: 01.09.2015**

സർക്കാരിന്റെ വിവിധ വകുപ്പുകളിൽ 03.01.14 തിയ്യതി മുതൽ ഉണ്ടാകുന്ന എൽ.ഡി. ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് ഒഴിവുകളിലെ 10% അതാത് വകുപ്പുകളിലെ ലിസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവന ക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം വഴി നിയമനം നൽകുന്നതിന് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടു വിച്ചിട്ടുണ്ട്.

ഈ കാര്യാലയത്തിൽ നിന്നും പരാമർശം(4) പ്രകാരം പ്രസിദ്ധപ്പെടുത്തിയ 30.4.14 തിയ്യതിവരെയുള്ള ഓഫീസ് അറ്റന്റന്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും എസ്.എസ്.എൽ.സിയോ തത്തുല്യ പരീക്ഷയോ പാസ്സായിട്ടുള്ള 16 പേരുടെ പ്രാഥമിക പ്രമാണ പരിശോധന 18.7.14ന് നടത്തിയിരുന്നു. ഇപ്രകാരം എൽ.ഡി.ക്ലാർക്ക് തസ്തികമാറ്റം നിയമനത്തിനായുള്ള നടപടിക്രമങ്ങൾ നടന്നുവരവെ പരാമർശം(5) പ്രകാരമുള്ള ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച തുടർ നടപടികൾ താൽക്കാലികമായി നിർത്തിവെച്ചിരുന്നു. എന്നാൽ ടി കേസിൽ സ്ഥാനക്കയറ്റം നൽകുന്നതിന് സ്റ്റേ നിലവിലില്ലെന്ന് നേരിട്ട് അന്വേഷിച്ചതിൻ പ്രകാരം ബഹു:സീനിയർ ഗവൺമെന്റ് പ്ലീഡർ അറിയിക്കുകയും ഈ സാഹചര്യത്തിൽ സർക്കാരിന്റെ പരാമർശം(1), (2) ഉത്തരവുകൾ പ്രകാരം പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിൽ ആകെയുള്ള 323 ക്ലാർക്ക് തസ്തികകൾ ക്ലാർക്ക് തസ്തികയുടെ കേഡർ സ്ട്രെങ്ത്ത് ആയും ആയതിന്റെ 10% കണക്കാക്കി ഇപ്രകാരം തസ്തികമാറ്റം നിയമനം നടത്താവുന്ന ക്ലാർക്ക്

തസ്തികകളുടെ എണ്ണം 32 ആയും നിജപ്പെടുത്തിയും 18.7.14 തിയ്യതി വരേയ്ക്കുമുള്ള ആകെ ഉത്ഭവിച്ചിട്ടുള്ള ഒഴിവുകളുടെ (arising vacancy) 10% ആയ 6 ഒഴിവുകളിൽ മേൽ പ്രമാണ പരിശോധന പ്രകാരം സീനിയോറിറ്റിയുടെയും വിദ്യാഭ്യാസ യോഗ്യതയുടെയും അടിസ്ഥാനത്തിൽ പരാമർശം(5)ലെ OAയുടെ അന്തിമവിധിയ്ക്ക് വിധേയമായി 6 ഓഫീസ് അറ്റന്റന്റുമാരെ തസ്തികമാറ്റം മുഖേന പരാമർശം (7) പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ കാലയളവിനു ശേഷം ക്ലാർക്ക് തസ്തികയിൽ ഉണ്ടായിട്ടുള്ള ആകെ ഒഴിവുകളുടെ നിശ്ചിത ശതമാനം ഒഴിവുകളിൽ മേൽ പ്രമാണ പരിശോധനയിൽ ഉൾപ്പെട്ടിരുന്ന മൂന്ന് ഓഫീസ് അറ്റൻഡന്റുമാർക്കുകൂടി തസ്തികമാറ്റം മുഖേന ക്ലാർക്ക് തസ്തികയിൽ പ രാമർശം (8) പ്രകാരം നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

03.01.2014 മുതൽ നാളിതുവരേക്കുമുള്ള, മേൽ സൂചിപ്പിച്ച പ്രകാരം തസ്തികമാറ്റം നിയമനം നൽകാവുന്ന, നിശ്ചിത ശതമാനം ഒഴിവുകൾ കണക്കാക്കിയതിൽ മേൽ വിഷയത്തിൽ സൂചിപ്പിച്ചിട്ടുള്ള താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും 4 പേർക്കുകൂടി തസ്തികമാറ്റം മുഖേന ക്ലാർക്ക് തസ്തികയിൽ നിയമനം നൽകാവുന്നതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ 18.07.2014, 31.08.2015 തിയ്യതികളിൽ ഈ കാര്യാലയത്തിൽ നടന്ന പ്രമാണ പരിശോധകളുടേയും പരാമർശം (4),(9) എന്നിവ പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റുകളുടേയും അടിസ്ഥാനത്തിൽ താഴെപറയുന്ന 4 ഓഫീസ് അറ്റന്റന്റുമാരെ തസ്തികമാറ്റം മുഖേന താഴെപറയും പ്രകാരം അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ 9940-16580 രൂപ ശമ്പള സ്ക്കെയിലിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | | ഓഫീസ് അറ്റന്റന്റിന്റെ പേരും നിലവിലെ കാര്യാലയവും | ക്ലാർക്കായി നിയമനം നൽകുന്ന കാര്യാലയം |
|---|---|---|---|---|
| | (പരാമർശം-4) | (പരാമർശം-9) | | |
| 1 | 164 | 11 | മൊയ്തു.എ<br>നെല്ലായ ഗ്രാമ പഞ്ചായത്ത് | വല്ലപ്പുഴ ഗ്രാമ പഞ്ചായത്ത് (ബിനുകുമാറിനെ സ്ഥലമാറ്റിയ ഒഴിവിൽ) |
| 2 | 132 | 12 | എം.എസ്.ഗോപിനാഥൻ<br>തെങ്കര ഗ്രാമ പഞ്ചായത്ത് | കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത് (നിലവിലെ ഒഴിവിൽ) |
| 3 | 146 | 13 | രാജീവ്.സി<br>പുതുക്കോട് ഗ്രാമപഞ്ചായത്ത് | ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് (ഗിരിജാമോൾ.എസ് എന്നവരെ സ്ഥലമാറ്റിയ ഒഴി വിൽ) |
| 4 | 150 | 14 | ശശിധരൻ.കെ.എം<br>എലപ്പുള്ളി ഗ്രാമ പ ഞ്ചായത്ത് | ആനക്കര ഗ്രാമ പഞ്ചായത്ത് (നിലവിലെ ഒഴിവിൽ) |

പരാമർശം (6)ലേയും, (8)ലേയും ഉത്തരവുകൾ പോലെതന്നെ ഈ ഉത്തരവും മേൽ വിഭാഗം ജീവനക്കാരുടെ സംയോജിത അന്തിമസീനിയോറിറ്റി ലിസ്റ്റ്, സീനിയോറിറ്റി മാനദണ്ഡം, താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റം നിയമനത്തിന് അടിസ്ഥാന മാക്കേണ്ട ശമ്പള സ്കെയിൽ, ഒഴിവ് മാനദണ്ഡം എന്നിവയ്ക്ക് വിധേയമായിരിക്കുന്ന താണ്.

മേൽ ജീവനക്കാർ 15 ദിവസത്തിനകം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ മുമ്പാകെ ജോലിയിൽ പ്രവേശിക്കുന്നതിനായി താഴെ പറയുന്ന ഒറിജിനൽ രേഖകൾ സഹിതം ഹാജരാകേണ്ടതാണ്.

(1)എസ്എസ്എൽസി-തത്തുല്യ വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റ്

(2)ഓഫീസ് അറ്റന്റന്റ് തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചിട്ടുള്ള ഉത്തരവ്/സാക്ഷ്യപത്രം

(3)ഓഫീസ് അറ്റന്റന്റ് തസ്തികയിൽ മൂന്നു വർഷത്തിൽ കൂടുതൽ സേവന ദൈർഘ്യമുണ്ടെന്നുള്ള സാക്ഷ്യപത്രം(നിലവിലെ കാര്യാലയത്തിലെ മേധാവി നൽകിയിട്ടുള്ളത്)

(4)ഐഡന്റിറ്റി സർട്ടിഫിക്കറ്റ്/കാർഡ്

മേൽ രേഖകൾ പരിശോധിച്ച് കൃത്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മാത്രം ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഇവരെ ജോലിയിൽ പ്രവേശിപ്പിക്കേ ണ്ടതാണ്.

മേൽ ജീവനക്കാർ ക്ലാർക്ക് തസ്തികയിൽ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തിയാക്കേണ്ടതും ഈ കാലയളവിൽ എം.ഒ.പി പരീക്ഷ വിജയിക്കേണ്ടതുമാണ്.

ബന്ധപ്പെട്ട ഓഫീസ് ധോവികൾ ടി  ജീവനക്കാരെ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിപ്പിച്ചതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പാലക്കാട്.

വ്യക്തികൾക്ക്(നിലവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ മുഖേന)

1) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ.
2) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പാലക്കാട്.
3) പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സിനിയർ സൂപ്രണ്ടുമാർ.
4) ബഹു:പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
5) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം(എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് (ഉപരിപത്രം സഹിതം)

ആജ്ഞാനുസരണം,

ജൂനിയർ സൂപ്രണ്ട്

എച്ച്/03.09.2015